**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4965** **04-07-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ആല - ഗോതുരുത്ത് പാലം, പുത്തംപള്ളി -മുനക്കൽ പാലം, ചക്കര പാടം-മുഴുവഞ്ചേരി പാലം, ഉപ്പുംതുരുത്തി പാലം,ആറാട്ടുവഴി പാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പാലങ്ങളുടെ നിർമ്മാണം വേഗത്തിലാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ? | (എ) | **ആല ഗോതുരുത്ത് പാലം**<br><br>**ഗോതുരുത്ത് ഭാഗത്തെ അപ്രോച്ച് റോഡിന്റെ അറ്റകുറ്റപണികൾക്കായുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതിന്റെ തുടർനടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്.**<br><br>**പുത്തൻപള്ളി മുനക്കൽ പാലം,**<br><br>**സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത അലൈൻമെന്റും, ഡിസൈൻ ഡ്രോയിംഗും തയ്യാറാക്കുകയും, GAD പ്രകാരമുള്ള 440 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് ലഭ്യമാക്കുകയും, പ്രസ്തുത പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട സ്പഷ്ടീകരണം ലഭ്യമാക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.**<br><br>**ചക്കര പാടം-മുഴുവഞ്ചേരി പാലം,**<br><br>**സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത അലൈൻമെന്റും, ജനറൽ ഡിസൈൻ ഡ്രോയിംഗും തയ്യാറാക്കുകയും GAD പ്രകാരമുള്ള 3210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ 04.07.2023 തീയതിയിൽ ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തിയ്ക്കായി ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം ഉള്ളതിനാൽ പ്രൊപ്പോസൽ ഡെഫർ ചെയ്തിട്ടുണ്ട്.**<br><br>**ഉപ്പുംതുരുത്തി പാലം**<br><br>**സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത അലൈൻമെന്റും,** |

| | | | |
|---|---|---|---|
| | | | **ജനറൽ ഡിസൈൻ ഡ്രോയിംഗും തയ്യാറാക്കുകയും GAD പ്രകാരമുള്ള 3200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി വിശദമായി പരിശോധിച്ചുവരുന്നു.**<br><br>**<u>ആറാട്ടുവഴി പാലം</u>**<br><br>**ജനറൽ ഡിസൈൻ ഡ്രോയിംഗ് പ്രകാരം അലൈൻമെന്റിൽ ചില മാറ്റങ്ങൾ ആവശ്യമാണ്. അതിനായി റിവൈസ്ഡ് അലൈൻമെന്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗതിയിലാണ്.** |

സെക്ഷൻ ഓഫീസർ